**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **06-12-2022 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ചെറുപുഴ സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർ നടപടികൾ നിർത്തി വച്ചു. ബിഡ്ഡിംങ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | കെട്ടിടനിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജനകീയ കമ്മിറ്റി പണം നൽകി വാങ്ങിയ അഞ്ച് സെന്റ് ഭൂമിയിൽ പകുതിയോളം ചെറുപുഴ ഗ്രാമപഞ്ചായത്ത് കൈയേറി നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നു. ഇപ്പോൾ അതേ അളവിൽ ഭൂമി സബ്ഡിവിഷൻ നടത്തി ട്രഷറി വകുപ്പിന്റെ പേരിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ, വ്യക്തമാക്കാമോ? | (സി) | നിർമ്മാണ നിർവഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ